**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 974** **06-02-2023 - ൽ മറുപടിയ്ക്ക്**

**കാട്ടാന ആക്രമണം തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീ. ടി.സിദ്ദിഖ്,<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. ഷാഫി പറമ്പിൽ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കാട്ടാന അടക്കമുള്ള വന്യ മൃഗങ്ങളുടെ ആക്രമണം കൂടിവരുന്ന സാഹചര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് കാട്ടാന അടക്കമുള്ള വന്യ മൃഗങ്ങളുടെ ആക്രമണം കൂടിവരുന്ന സാഹചര്യം ഗൗരവത്തോടെ കാണുന്നുണ്ട്. പാലക്കാട്, വയനാട് ഇടുക്കി ജില്ലകളിലെ വനംവകുപ്പിന്റെ വിവിധ ഡിവിഷനുകളിൽ കാട്ടാനയടക്കമുള്ള വന്യജീവികളുടെ ആക്രമണം റിപ്പോർട്ട് ചെയ്യുന്നുണ്ട്. വന്യമൃഗങ്ങളുടെ നാട്ടിലേയ്ക്കുള്ള പ്രവേശനം തടയുന്നതിനായി വനാതിർത്തികളിൽ സൗരോർജ്ജ വേലി, ആന പ്രതിരോധ മതിലുകൾ, കിടങ്ങുകൾ, ക്രാഷ്ഗാർഡ് റോപ്പ് ഫെൻസിംഗ്, റെയിൽ ഫെൻസിംഗ് എന്നിവ നിർമ്മിക്കുകയും പരിപാലിക്കുകയും ചെയ്തുവരുന്നുണ്ട്. സ്ഥിരമായി ജനവാസ കേന്ദ്രങ്ങളിലിറങ്ങുന്ന വന്യജീവികളെ മയക്ക് വെടിവെച്ചോ കൂടുകൾ സ്ഥാപിച്ചോ പിടിച്ച് ജനവാസ കേന്ദ്രങ്ങളിൽ നിന്നും അകലെയുള്ള വനമേഖലയിലേയ്ക്ക് പുനരധിവസിപ്പിക്കുന്നതിനും നടപടി സ്വീകരിച്ച് വരുന്നുണ്ട്. മനുഷ്യ വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് പൊതുജന പങ്കാളിത്തത്തോടെ നടപടികൾ സ്വീകരിക്കുന്നതിനായി തദ്ദേശീയരും ജന പ്രതിനിധികളും വനം വകുപ്പ് ഉദ്യോഗസ്ഥരും ചേർന്നുള്ള ജനജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. |
| (ബി) | അട്ടപ്പാടിയിൽ നാല് മാസത്തിനിടെ കാട്ടാനയുടെ ആക്രമണത്തിൽ നാല് ആളുകൾ കൊല്ലപ്പെട്ട സാഹചര്യത്തിൽ കാട്ടാനയുടെ ആക്രമണം തടയാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | അട്ടപ്പാടി റെയിഞ്ച് ഉൾപ്പെടുന്ന മണ്ണാർക്കാട് ഡിവിഷനിൽ വന്യജീവികളുടെ ആക്രമണം തടയുന്നതിനായി 87.40 കി. മി. സൗരോർജ്ജവേലി, 7.44 കി.മി. ആന പ്രതിരോധ കിടങ്ങ് എന്നിവ നിർമ്മിച്ചിട്ടുണ്ട്. കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 76.50 കി.മി സൗരോർജ്ജ വേലിയുടെ നിർമ്മാണ പ്രവർത്തി പുരോഗമിക്കുന്നുണ്ട്. ജനവാസ മേഖലകളിലേയ്ക്ക് ഇറങ്ങുന്ന കാട്ടാനകളുടെ |

| | | | |
|---|---|---|---|
| | | | ആക്രമണം ഫലപ്രദമായി തടയുന്നതിന് മണ്ണാർക്കാട് കേന്ദ്രീകരിച്ച് ഒരു സ്ഥിരം ദ്രുതകർമ്മ സേനയും അഗളി, പുതൂർ എന്നിവിടങ്ങൾ കേന്ദ്രീകരിച്ച് താൽക്കാലിക ദ്രുതകർമ്മ സേനകളും വളരെ കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നുണ്ട്. പ്രശ്ന ബാധിത പ്രദേശങ്ങളിൽ സ്ഥിരം ജീവനക്കാരെ കൂടാതെ പ്രദേശവാസികളായ താൽക്കാലിക വാച്ചർമാരെയും നിയോഗിച്ചിട്ടുണ്ട്. |
| (സി) | അട്ടപ്പാടി ഷോളയൂരിൽ കാട്ടാനയുടെ ആക്രമണത്തിൽ ഊത്തുക്കുഴി ഊരിലെ ലക്ഷ്മണൻ എന്ന ആൾ കൊല്ലപ്പെട്ട സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) | കാട്ടാനയുടെ ആക്രമണത്തിൽ 03.12.2022 തീയതിയിൽ ലക്ഷമണൻ എന്നയാൾ കൊല്ലപ്പെട്ടിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിലെ സർക്കാർ ഉത്തരവ് പ്രകാരം ടിയാന്റെ ആശ്രിതർക്ക് 10 ലക്ഷം രൂപ സമാശ്വാസ ധനസഹായത്തിന് അർഹതയുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ടിയാന്റെ ആശ്രിതർക്ക് അടിയന്തിര ധനസഹായമായി 10,000/- രൂപ അനുവദിച്ചിട്ടുണ്ട്. ബാക്കി തുക ആവശ്യമായ രേഖകൾ സമർപ്പിച്ച ശേഷം ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് അനുവദിക്കുന്നതാണ്. |
| (ഡി) | സംസ്ഥാനത്തുടനീളം കാട്ടാന ആക്രമണം തടയാൻ യുദ്ധകാല അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഡി) | സംസ്ഥാനത്തുടനീളം കാട്ടാന ഉൾപ്പെടെയുള്ള വന്യമൃഗങ്ങളുടെ ആക്രമണം തടയുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു. കാട്ടാന ഉൾപ്പെടെയുള്ള വന്യമൃഗങ്ങൾ ജനവാസ മേഖലകളിൽ ഇറങ്ങിയതായി ശ്രദ്ധയിൽപ്പെട്ടാൽ അവയെ വനത്തിനുള്ളിലേക്ക് മടക്കി അയക്കുന്നതിനായി നടപടികൾ സ്വീകരിക്കാറുണ്ട്. ഇതിനായി കൂടുകൾ സ്ഥാപിക്കുകയും, അടിയന്തര ഘട്ടങ്ങളിൽ മയക്കുവെടി വച്ച് അവയെ പിടികൂടുകയും, സുരക്ഷിതമായി തിരികെ വനത്തിൽ വിടുകയും ചെയ്തു വരുന്നു. കാട്ടാന പ്രശ്നം രൂക്ഷമായിട്ടുള്ള പാലക്കാട്, വയനാട്, ഇടുക്കി ജില്ലകളിൽ കുങ്കിയാനകളെ ഉപയോഗിച്ച് പ്രശ്നക്കാരായ കാട്ടാനകളെ തിരിച്ച് കാട്ടിലേയ്ക്ക് തുരത്തുന്നതിനായി കുങ്കി സ്ക്വാഡുകളും, റാപ്പിഡ് റെസ്പോൺസ് ടീമുകളും പ്രവർത്തിച്ച് വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ